(സി&ഡി) തൊട്ടുകൂടായ്മയുടെ പരിണിതഫലമായി ഒരു സമുദായം അനുഭവിച്ചുവരുന്ന സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഒരു പ്രത്യേക സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തി ഭരണഘടനയുടെ 341-ാം വകുപ്പ് വിഭാവനം ചെയ്യുന്ന പരിരക്ഷ നൽകുന്നത്. കിർത്താഡ്സ് നടത്തിയ പഠനത്തിൽ കംഭാര സമുദായക്കാർ അയിത്താചരണത്തിന്റെ ഭാഗമായിട്ടുള്ള തീവ്രമായ തൊട്ടുകൂടായ്മയ്ക്ക് വിധേയരായിട്ടുള്ളവരല്ലെന്നും നിലവിലുള്ള പട്ടികജാതി വിഭാഗക്കാർ അനുഭവിച്ച് വന്നിരുന്ന സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക പിന്നോക്കാവസ്ഥ നേരിട്ടവരുമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ, നിലവിൽ മറ്റ് പിന്നോക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഈ സമുദായത്തെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല.

പട്ടികജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം

298(2767) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന ചികിത്സാ ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക എത്രയും വേഗം രോഗികൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ;

(ബി) ചേർത്തല താലൂക്കിൽ പട്ടികജാതിക്കാരായ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ സഹായം ഇനിയും എത്ര പേർക്ക് വിതരണം ചെയ്യാനുണ്ടെന്നും പ്രസ്തുത തുക അപേക്ഷകർക്ക് എന്ന് ലഭ്യമാക്കുമെന്നും വ്യക്തമാക്കുമോ;

(സി) അനുവദിച്ച ചികിത്സാ സഹായം ലഭിക്കുന്നതിന് പട്ടികജാതിക്കാരായ അപേക്ഷകർക്ക് ഒട്ടേറെ നടപടിക്രമങ്ങൾ പാലിക്കേണ്ടിവരുന്നതുമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചേർത്തല താലൂക്കിൽ പട്ടികജാതിക്കാരായ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ ധനസഹായ തുക ഇനി 35 പേർക്ക് കൂടി വിതരണം ചെയ്യാനുണ്ട്. ആയത് 15-12-2015-ന് മുമ്പായി വിതരണം ചെയ്യുന്നതാണ്.

(സി) ചികിത്സാ ധനസഹായം അനുവദിക്കുന്നതിന്, അനിവാര്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്തുവരുന്നു. ആവശ്യമായ മുഴുവൻ രേഖകളും സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്ക് നടപടിക്രമങ്ങൾ കാരണം ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നില്ല. കൂടാതെ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മുഖാന്തരം വിതരണം ചെയ്തിരുന്ന ധനസഹായ തുക വിതരണം വേഗത്തിലാക്കുന്നതിനായി പട്ടികജാതി ഓഫീസർമാർക്ക് TSB അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ടി അക്കൗണ്ടിൽ നിന്നും ധനസഹായ വിതരണം നടത്തുന്നതിലൂടെ കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ട്.

നായാടി സമുദായത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ്

299(2768) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം പഞ്ചായത്തിലെ നായാടി സമുദായത്തിൽപ്പെട്ടവർക്ക് ഇപ്പോൾ ജാതി സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമുദായക്കാരെ ഇപ്പോൾ ഏതു ജാതി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ജാതിസർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം പ്രസ്തുത ജനവിഭാഗം നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ മൈലം പ്രദേശത്തെ "നായാടി" അവകാശവാദം ഉന്നയിക്കുന്നവർ യഥാർത്ഥത്തിൽ "കൊടാങ്കി നായ്ക്കൻ" സമുദായത്തിൽ ഉൾപ്പെട്ടവരാണെന്ന കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11-11-2013-ലെ G.O.(Rt) No. 1579/13/SCSTDD പ്രകാരം ടിയാളുകളുടെ പട്ടികജാതി പദവിയും മറ്റാനുകൂല്യങ്ങളും നിരസിച്ചിട്ടുണ്ട്.

(സി) ഉണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ "കൊടാങ്കി നായ്ക്കൻ" സമുദായത്തെ മറ്റ് പിന്നോക്ക സമുദായ (OBC) പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly